LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 4 എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്.

1. മലബാർ എഡ്യൂക്കേഷൻ സൊസൈറ്റി, മലപ്പുറം, വേങ്ങര
2. കെ.പി.എം.എസ്., കുര്യാട്ടുമല, കൊല്ലം
3. പി.ആർ.ഡി.എസ്., അമര, ചങ്ങനാശ്ശേരി, കോട്ടയം
4. ഇന്ദിരാഗാന്ധി മെമ്മോറിയൽ സൊസൈറ്റി, വണ്ടൂർ, മലപ്പുറം

(ബി) അനുവദിച്ച 4 എയ്ഡഡ് കോളേജുകളിൽ മലബാർ എഡ്യൂക്കേഷൻ സൊസൈറ്റിക്ക് അനുവദിച്ച മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന കോളേജിന് 23 അദ്ധ്യാപക തസ്തികകളും 8 അനദ്ധ്യാപക തസ്തികകളും, വണ്ടൂർ അംബേദ്കർ കോളേജ് ഓഫ് ആർട്സ് & സയൻസിന് പ്രിൻസിപ്പാളടക്കം 8 അദ്ധ്യാപക തസ്തികകളും 7 അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാംകൂടി 1,93,35,774 രൂപ (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറ്റി എഴുപത്തിനാല് രൂപ) പ്രതിവർഷം അധികച്ചെലവ് വരും.

കെ-സാക് ചെയർമാനായി ശ്രീ. പി. അൻവറിനെ നിയമിച്ച നടപടി

2 (1043) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈസ് ചാൻസലർ പദവിയുള്ള, സംസ്ഥാന അക്രഡിറ്റേഷൻ കൗൺസിലിന്റെ (കെ-സാക്) ചെയർമാനായി നിയമിക്കപ്പെടേണ്ടവരുടെ യോഗ്യതകൾ എന്തെല്ലാമെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ചീഫ് സെക്രട്ടറിയുടെ എതിർപ്പ് തള്ളി മുൻ ഗ്രാമപഞ്ചായത്തംഗമായ ശ്രീ. പി. അൻവറിനെ നിയമിക്കാനുള്ള തീരുമാനം ഹൈക്കോടതി സ്റ്റേ ചെയ്യുവാനുള്ള കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിക്കു വേണ്ട യോഗ്യതകൾ എന്തെല്ലാം; പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കാൻ ശ്രീ. പി. അൻവറിനുണ്ടായിരുന്ന യോഗ്യതകൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഡി) ശ്രീ. പി. അൻവർ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയായിരുന്ന കാലയളവിൽ സ്വയംഭരണാവകാശത്തിന് എത്ര കോളേജുകൾ അപേക്ഷ നൽകി എന്നും അതിൽ എത്രയെണ്ണത്തിന് സ്വയംഭരണാവകാശം നൽകിയെന്നും അവ ഏതൊക്കെ കോളേജുകളാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) കെ-സാക് ചെയർമാനായി ശ്രീ. പി. അൻവറിനെ എന്നാണ് സർക്കാർ നിയമിച്ചതെന്നും ടിയാന്റെ വിദ്യാഭ്യാസയോഗ്യത എന്താണെന്നും പ്രസ്തുത നിയമനത്തിന് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ടിയാന് ഉണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച് വർഷം അക്കാദമിക ഭരണ പരിചയവും 25 വർഷത്തെ അദ്ധ്യാപന പരിചയവുമുള്ളയാളും പി.എച്ച്.ഡി. ബിരുദധാരിയുമായി വിദ്യാഭ്യാസ വിചക്ഷണനായിരിക്കണം. കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ച് വിലയിരുത്തിയ പരിചയവും എന്നതാണ് ചെയർമാന് വേണ്ട യോഗ്യതകൾ. സംസ്ഥാനത്തെ സർവ്വകലാശാല വൈസ്ചാൻസലർക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാകും ചെയർമാന് ലഭിക്കുക.

(ബി) കേരള സ്റ്റേറ്റ് അസസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ ചെയർമാനായി ആരെയും നിയമിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുള്ളതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെയർമാൻ സ്ഥാനത്തേക്ക് നിയമനം നടത്തുന്നതിന് കഴിയുകയുള്ളൂ.

(സി) 2007 കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് പ്രകാരം "an Academician, preferably with administrative experience" എന്നതാണ് മെമ്പർ സെക്രട്ടറിക്കുവേണ്ട യോഗ്യത. സാമ്പത്തിക ശാസ്ത്ര വിഭാഗം വകുപ്പ് തലവനും അസോസിയേറ്റ് പ്രൊഫസറുമായിരുന്ന ശ്രീ. പി. അൻവറിന് 29 വർഷത്തെ അദ്ധ്യാപന പരിചയവും അഡൽറ്റ് എഡ്യൂക്കേഷൻ പ്രോഗ്രാം ഓഫീസർ, കൊച്ചിൻ സർവ്വകലാശാല സെനറ്റ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ച പരിചയവുമുള്ളതാണ്.

(ഡി) ആദ്യഘട്ടത്തിൽ 32 കോളേജുകളിൽ പരിശോധന നടത്തുകയും 13 കോളേജുകളെ സ്വയംഭരണ പദവിക്കായി യു.ജി.സി.-യോട് ശിപാർശ ചെയ്യുന്നതിന് സർവ്വകലാശാലകളോട് നിർദ്ദേശിക്കുകയും അതിൽ 12 കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ പരിശോധന നടത്തിയ 17 കോളേജുകളിൽ 9 കോളേജുകൾക്ക് സ്വയംഭരണ പദവിക്കായി ശിപാർശ ചെയ്തു. അതിൽ ഒരു കോളേജിന് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി, കോട്ടയം
4. മഹാരാജാസ് കോളേജ്, എറണാകുളം
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം
6. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
9. എം.ഇ.എസ്. കോളേജ്, മമ്പാട്, മലപ്പുറം
10. ഫറോക്ക് കോളേജ്, കോഴിക്കോട്
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്
12. ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട, തൃശ്ശൂർ
13. വിമല കോളേജ്, തൃശ്ശൂർ.(2016 -17 മുതൽ)

(ഇ) കേരള സ്റ്റേറ്റ് അസസ്മെന്റ് & ആക്രഡിറ്റേഷൻ കൗൺസിൽ ചെയർമാനായി ശ്രീ. പി. അൻവറിനെ നിയമിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

ഹയർ സെക്കണ്ടറി വകുപ്പിലെ നിയമനം

3 (1044) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ ഹിസ്റ്ററി സീനിയർ, ജൂനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) എത്ര അദ്ധ്യാപകർക്ക് ഹിസ്റ്ററി സീനിയർ അദ്ധ്യാപകരായി ബൈടാസ്റ്റർ മുഖേന പ്രൊമോഷൻ നൽകിയിട്ടുണ്ട്; നിശ്ചിത ശതമാനത്തിൽ കൂടുതൽ അദ്ധ്യാപകർക്ക് ബൈടാൻസ്റ്റർ മുഖേന പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ. വിഭാഗങ്ങളിൽ നിന്ന് ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ബൈടാൻസ്റ്റർ നിയമനം നൽകിയ എത്ര അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കാതെയുണ്ട്; പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) 2-4-2014-ന് നിലവിൽ വന്ന ഹിസ്റ്ററി സീനിയർ, ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly